**ഡി. വിനയചന്ദ്രന്റെ 'വേരുകൾ' എന്ന മിനിക്കഥയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്.**
**കുട്ടി അമ്മയോട് ചോദിച്ചു: " ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ...."**
**'അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചു നിൽക്കുന്നു." അമ്മ പറഞ്ഞു.**
**"അപ്പോൾ നമ്മുടെ വേരുകളോ?"**
**"അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ."**
**ഭൂമിയെ അമ്മയായി സങ്കൽപ്പിക്കുന്നതിന്റെ ഔചിത്യം ചർച്ച ചെയ്യുക.**

അമ്മ എങ്ങനെയാണോ മക്കളെ പരിപാലിക്കുന്നത് അതുപോലെയാണ് ഭൂമിയാകുന്ന അമ്മ ജീവജാലങ്ങളെ പരിപാലിക്കുന്നത്. ജീവജാലങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ ഭക്ഷണവും മറ്റ് സാഹചര്യങ്ങളും ഭൂമി ഒരുക്കിക്കൊടുക്കുന്നു. അമ്മ മക്കളുടെ തെറ്റുകുറ്റങ്ങൾ ക്ഷമിക്കുന്നതുപോലെ ഭൂമിയും ക്ഷമയുടെ പര്യായമായി മാറുന്നു. സർവംസഹ എന്ന വിശേഷണം അമ്മയ്ക്കും ഭൂമിക്കും ഒരുപോലെ ചേരുന്നതാണ്. മക്കളുടെ ജീവിതം കരുപ്പിടിപ്പിക്കുന്നതിലും വളർന്നുപന്തലിക്കുന്നതിലും അമ്മയുടെ പങ്ക് എത്രമാത്രമാണോ അതുപോലെ എല്ലാ ജീവജാലങ്ങളും ഭൂമിയാകുന്ന അമ്മയുടെ കരുതലിലാണ് വളർന്നുവരുന്നത്. ഇങ്ങനെ ഭൂമിക്കും അമ്മയ്ക്കും സമാനതകൾ കാണാൻ കഴിയും. അതുകൊണ്ട് ഭൂമിയെ അമ്മയായി സങ്കല്പിക്കുന്നത് ഉചിതമാണ്.

